LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റു വകുപ്പുകളിൽ പ്രതിദിന വേതനം നൽകാൻ നടപടി

123 [T 2250] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ കെ. മോഹൻകുമാർ:
„ കെ. സി. വേണുഗോപാൽ:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ദിവസവേതനത്തിന് നിയമിക്കുന്ന ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക് തുടങ്ങിയ തസ്തികളിൽ നൽകുന്ന ദിവസ വേതനം എത്ര വീതമാണ്;

(ബി) ഗവൺമെന്റ് വകുപ്പുകളിൽ പ്രസ്തുത തസ്തികളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന പ്രതിദിന വേതനം എത്രയാണ്;

(സി) ഇതേ വേതനം കെ. എസ്. ആർ. ടി. സി.-യിൽ നിത്യവേതനത്തിൽ ജോലി ചെയ്യുന്നവർക്കും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡ്രൈവർ (പി.എസ്.സി. എംപാനൽ) . . 120 രൂപ
കണ്ടക്ടർ (പി.എസ്.സി. എംപാനൽ) . . 110 രൂപ
മെക്കാനിക്ക് (പി.എസ്.സി. എംപാനൽ) . . 110 രൂപ എന്നീ ക്രമത്തിലാണ് കൊടുക്കുന്നത്.

(ബി) ഗവൺമെന്റ് വകുപ്പുകളിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം 140 രൂപയാണ്. മറ്റു തസ്തികകളിലെ ദിവസവേതനത്തെ സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

ബസ് വ്യവസായരംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ ഏജൻസി

124 [2251] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് വ്യവസായരംഗം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനായി ഏതെങ്കിലും ഏജൻസിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ബസ്സ് ചാർജ് നിരക്ക് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും പഠിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ സ്ഥാപനമായ കേരളാസ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള ദേശീയഗതാഗത ആസൂത്രണ കേന്ദ്രം (നാട്പാക്) പട്ടം, തിരുവനന്തപുരം എന്ന ഏജൻസിയെയാണ് ട്രാൻസ്പോർട്ട് വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) ട്രാൻസ്പോർട്ട് മേഖലയിലുള്ള പ്രധാന പ്രശ്നങ്ങളെപ്പറ്റി പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാൻ നാട്പാകിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ബസ്സ് ചാർജ് വർദ്ധനവിനെക്കുറിച്ച് പഠിക്കുവാൻ റിട്ടയേർഡ് ചീഫ് സെക്രട്ടറി ശ്രീ. രബീന്ദ്രൻനായരെ ചുമതലപ്പെടുത്തുകയും, പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നതിനുള്ള വില സൂചികയിലുണ്ടാകുന്ന വർദ്ധനവിനാധാരമായ സ്റ്റേജ് ക്യാരേജുകളുടെ യാത്രാനിരക്കിലും മാറ്റം വരുത്തുന്നതിന് നിർദ്ദേശം ഉണ്ട്. പ്രസ്തുത വില സൂചികയെക്കുറിച്ച് പഠിക്കുന്നതിനും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിന് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) നം. 7/04/ട്രാൻ. തീയതി, 7-2-2004 പ്രകാരം നാറ്റ്പാകിനെ ചുമതലപ്പെടുത്തുകയുണ്ടായി. നാറ്റ്പാകിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾ

125 [2252] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. പി. ടി. തോമസ്:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ ഡി. സുഗതൻ:

„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യേന എത്ര വാഹനങ്ങൾ വീതം സാധാരണ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്;

(ബി) ഒരു കിലോ മീറ്റർ ടാറിട്ട പക്കാ റോഡിൽ ശരാശരി എത്ര വാഹനങ്ങൾ ദിനംപ്രതി ഓടുന്നുണ്ട്;

(സി) 2004 മേയ് 31-നു സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ആകെ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly